(സി) സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പണികളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

നബാർഡിൽ നിന്ന് ലഭിച്ച സാമ്പത്തിക സഹായം

62 [1472] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ വരുന്ന വിവിധ പ്രവൃത്തികൾക്കുവേണ്ടി നബാർഡിൽനിന്ന് ഓരോ വർഷവും എത്രകോടി രൂപയാണ് കടമെടുത്തിട്ടുള്ളത്; ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഈ ഇനത്തിൽ ഓരോ വർഷവും എത്രകോടി രൂപയാണ് പദ്ധതി ഇനത്തിൽ നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) നബാർഡിൽനിന്ന് വാങ്ങിയ തുകയിൽ എത്രകോടി രൂപ നാളിതുവരെ തിരിച്ചടച്ചിട്ടുണ്ട്;

(ഡി) എത്രകോടി രൂപയാണ് ഇനി നബാർഡിലേയ്ക്ക് തിരിച്ചടയ്ക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2001-2002: പാലങ്ങൾ—67.81 കോടി രൂപ
റോഡുകൾ—32.15 കോടി ,,
2002-2003: പാലങ്ങൾ—69.80 കോടി ,,
റോഡുകൾ—69.62 കോടി ,,
2003-2004: പാലങ്ങൾ—15.73 കോടി ,,
റോഡുകൾ—2.44 കോടി ,,

(ബി) നബാർഡിൽനിന്നും ലഭ്യമാകുന്ന വായ്പാതുക വിവിധ വകുപ്പുകളുടെ വിവിധ പദ്ധതികൾക്കുവേണ്ടിയാണ്. ഇതിന്റെ തിരിച്ചടവും പലിശ കണക്കാക്കലും മൊത്തത്തിലുള്ള തുകയെ അടിസ്ഥാനപ്പെടുത്തിയായതിനാൽ ഈ ഇനത്തിൽ ഓരോ വർഷവും പലിശയിനത്തിൽ നൽകിവരുന്ന തുകയുടെ വേർതിരിച്ചുള്ള കണക്ക് ലഭ്യമല്ല. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നബാർഡിലേക്കു പലിശയിനത്തിൽ നൽകിയ തുക താഴെ കൊടുക്കുന്നു.

2001-2002—29.94 കോടി രൂപ.
2002-2003—41.60 കോടി രൂപ.
2003-2004—48.81 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവിധ വകുപ്പുകളുടെ കീഴിലുള്ള വിവിധ പദ്ധതികൾക്കായി വാങ്ങിയ വായ്പ (414.13 കോടി രൂപ) ഇനത്തിൽ 2004 മാർച്ച് 31 വരെ 199.77 കോടി രൂപ തിരിച്ചടച്ചിട്ടുണ്ട്.

(ഡി) 31-3-2004-ലെ കണക്കനുസരിച്ച് വിവിധ വകുപ്പുകൾക്കായി നൽകിയ വായ്പയിനത്തിൽ 495.23 കോടി രൂപയാണ് തിരിച്ചടയ്ക്കാനുള്ളത്.

കാസർഗോഡ് ജില്ലയിൽ നബാർഡിന്റെ സഹായത്തോടെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

63 [1473] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ സഹായത്തോടെ കാസർഗോഡ് ജില്ലയിൽ ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പുതിയ സാമ്പത്തിക വർഷത്തിൽ നബാർഡിൽ സമർപ്പിക്കാനുള്ള പദ്ധതികളുടെ ലിസ്റ്റ് തയ്യാറായിട്ടില്ല.

റോൾഡ് ബാങ്കിന്റെ സഹായത്തോടെ നടപ്പാക്കിയ റോഡ് നിർമ്മാണം

64 [1474] ശ്രീ. കെ. വി. രാജേന്ദ്രൻ:

" വി. നാരായണൻ:

" മാങ്കോട് രാധാകൃഷ്ണൻ:

" എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോൾഡ്ബാങ്ക് സഹായത്തോടെ സംസ്ഥാനത്തെ എത്ര കിലോമീറ്റർ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്; പ്രസ്തുത പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച സംഖ്യ എത്ര;

(ബി) റോൾഡ്ബാങ്കുമായി ഉണ്ടാക്കിയ പദ്ധതി (കെ. എസ്. ടി. പി.)-യുടെ കരാർ വ്യവസ്ഥകൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(സി) കെ. എസ്. ടി. പി.-ക്കായി എത്ര കോടി രൂപ വേൾഡ് ബാങ്കിൽനിന്ന് ലഭിച്ചിട്ടുണ്ട്;

(ഡി) ഈ റോഡുകൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് തിരിച്ചേൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly